**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5938** **25-03-2025 - ൽ മറുപടിയ്ക്ക്**

**ശബരിഗിരി ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | യന്ത്രത്തകരാർ മൂലം പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ നാലാമത്തെ യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ 60MW സ്ഥാപിത ശേഷിയുള്ള നാലാമത്തെ യൂണിറ്റ് 10/8/2024 മുതൽ, ഓണേഴ്സ് എഞ്ചിനീയർ ആയ NHPC യുടെ മേൽനോട്ടത്തിൽ 50 MWൽ പ്രവർത്തിച്ചു വരികയായിരുന്നു. എന്നാൽ 27/2/2025 മുതൽ ഫൗണ്ടേഷൻ ബലപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ ക്കായി താത്കാലികമായി നിർത്തിയിട്ടിരി ക്കുകയാണ്. ഇപ്പോൾ ഐ.ഐ.ടി. ചെന്നൈയുടെ നേതൃത്വത്തിൽ ഫൗണ്ടേഷൻ ബലപ്പെടുത്തുന്ന പ്രവർത്തി കൾ കൂടി ചെയ്തു തീർക്കേണ്ടതിനാലാണ് താത്കാലികമായി നിർത്തിയിട്ടിരിക്കുന്നത്. പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് യൂണിറ്റ് സർവീസിൽ വരുന്നതാണ്. |
| (ബി) | ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഉല്പാദന ശേഷി പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ആകെ സ്ഥാപിത ശേഷി 340MW ആണ്. ഇതിൽ 270MW മാത്രമാണ് ഇപ്പോൾ ഉൽപ്പാദനം നടക്കുന്നത്. പ്രസ്തുത പദ്ധതിയുടെ രണ്ടും നാലും യൂണിറ്റുകൾ ഒഴികെ മറ്റെല്ലാ യൂണിറ്റുകളും പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നുണ്ട്. 60 MW സ്ഥാപിത ശേഷിയുള്ള നാലാം യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സ്റ്റേറ്റർ ഫൗണ്ടേഷൻ ബലപ്പെടുത്തൽ പ്രവർത്തി കൾക്കായി നിർത്തിയിട്ടിരിക്കുകയാണ്. 55MW സ്ഥാപിത അശേഷിയുള്ള രണ്ടാം യൂണിറ്റ് നിലവിൽ 45 മെഗാവാട്ട് ശേഷിയിലാണ് പ്രവർത്തിക്കുന്നത്. ടെൻഡർ പ്രക്രിയ നടന്നുകൊണ്ടിരിക്കുന്ന സ്റ്റേറ്റർ വൈൻഡിങ് വർക്ക് പൂർത്തീകരണത്തിന് ശേഷം ഈ മെഷീൻ പൂർണ ശേഷിയിൽ (55 MW) പ്രവർത്തിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിരീക്ഷണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ രണ്ടും നാലും യൂണിറ്റുകൾ ഒഴികെ മറ്റെല്ലാ മെഷീനുകളും പൂർണ തോതിൽ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക തകരാ റുള്ള യൂണിറ്റ് നാല് മെഷിന്റെ |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണികളും ടെസ്റ്റുകളും ഓണേഴ്സ് എഞ്ചിനീയർ ആയ M/s.NHPC യുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ